മലയാള മനോരമ 25-12-2003

# കേരളത്തിന്റെ സ്വന്തം ചിലന്തി പഠന കേന്ദ്രം

ലോകത്ത് പകുതിയോളം ചിലന്തി ഇനങ്ങളെ മാത്രമേ തിരിച്ചറിഞ്ഞിട്ടുള്ളൂ എന്നത് വസ്തുതയാണ്. ലോകത്തൊട്ടാകെ നടക്കുന്ന ചിലന്തി ഗവേഷണങ്ങൾക്ക് പിന്തുണയേകി കേരളത്തിനുമുണ്ട് ഒരു സ്ഥാപനം. കൊച്ചിയിലെ തേവര സേക്രഡ് ഹാർട്ട് കോളജിൽ 1998 ൽ തുടങ്ങിയ ചിലന്തി ഗവേഷണ കേന്ദ്രം. ദക്ഷിണ ഭാരതത്തിലെ ചിലന്തികളെക്കുറിച്ചു പഠനങ്ങൾ നടത്തുന്നു.

തേവര കോളജ് ജന്തുശാസ്ത്ര വിഭാഗത്തിലെ ഡോ. പി.എ. സെബാസ്റ്റ്യന്റെ നേതൃത്വത്തിലാണ് ഈ കേന്ദ്രത്തിലെ പഠന-ഗവേഷണങ്ങൾ നടക്കുന്നത്. ഇപ്പോൾ കൽക്കട്ടയിലെ സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യ കഴിഞ്ഞാൽ ഭാരതത്തിലെ ചിലന്തികളുടെ വൈവിധ്യത്തെയും അവയുടെ സ്വഭാവ സവിശേഷതകളെയും അവ ഉപയോഗിച്ചുള്ള കീട നിയന്ത്രണത്തെയും കുറിച്ചു കാര്യമായ പഠനങ്ങൾ നടക്കുന്ന ഇന്ത്യയിലെ ഏക കേന്ദ്രമാണ് ഇതെന്ന് ഡോ. സെബാസ്റ്റ്യൻ പറയുന്നു. നാലു ഗവേഷണ വിദ്യാർഥികൾ അടക്കം ആറു ഗവേഷകരാണ് ഇവിടെ പഠനങ്ങൾ നടത്തുന്നത്.

കോളജിലെ ജന്തുശാസ്ത്ര വിഭാഗം മേധാവിയായ പ്രഫ. സാംസൺ ഡേവിസ് കേരളത്തിലെ ചാട്ട ചിലന്തികളുടെ വൈവിധ്യത്തെയും അവയുടെ സ്വഭാവ സവിശേഷതകളെയും കുറിച്ചു പഠിക്കുന്നു. ഡോ. ജോൺ ജോസഫ് ചിലന്തികളുടെ സിൽക്ക് നൂലിലും വിഷത്തിലുമുള്ള രാസഘടകങ്ങളെക്കുറിച്ചു ഗവേഷണം നടത്തുന്നു. ഇവയുടെ രാസ ഘടകങ്ങൾ ഉപയോഗിച്ചുള്ള വർഗീകരണത്തിലും പഠനങ്ങൾ നടക്കുന്നുണ്ട്. ആധുനിക ശാസ്ത്രത്തിൽ ഇതിനെ കീമോ ടാക്സോണമി (Chemotaxonomy ) എന്നു പറയുന്നു.

വിവിധ ശാസ്ത്ര ഗവേഷണ സംഘടനകളുടെ സാമ്പത്തിക സഹായം ഈ പഠനങ്ങൾക്കു ലഭിക്കുന്നുണ്ട്. മധ്യ കേരളത്തിലെ നെൽപ്പാടങ്ങളിലും പച്ചക്കറി തോട്ടങ്ങളിലും കാണുന്ന ചിലന്തികളുടെ വൈവിധ്യത്തെയും അവ ഉപയോഗിച്ചുള്ള കീടനിയന്ത്രണത്തെയും കുറിച്ചും കേരളത്തിൽ കാണുന്ന ചിലന്തികളുടെ വൈവിധ്യവും അവയുടെ ആവാസ വ്യവസ്ഥകളെയും കുറിച്ചും കുട്ടനാട്ടിലെ നെൽപ്പാടങ്ങളിൽ കാണുന്ന ചിലന്തികളെക്കുറിച്ചും ഇവിടെ ഗവേഷണം പുരോഗമിക്കുന്നു.

ചിലന്തികളെ സംബന്ധിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ വെബ്സൈറ്റിന് ഇവിടെ രൂപം കൊടുത്തു. ഇവിടത്തെ ഗവേഷണത്തിലുണ്ടാകുന്ന പുരോഗതികൾ പുറം ലോകത്തെ അറിയിക്കാൻ www.southindianspiders.com എന്ന വെബ് സൈറ്റിലൂടെ സാധിക്കുമെന്നാണ് ഗവേഷകരുടെ പ്രതീക്ഷ. ദക്ഷിണ ഭാരതത്തിലെ പ്രധാനപ്പെട്ട ഇനം ചിലന്തികളുടെ ശാസ്ത്രീയ നാമവും അവയുടെ സ്വഭാവ സവിശേഷതകൾ, ആവാസ വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഈ സൈറ്റിലൂടെ മറ്റു ഗവേഷകർക്കു ലഭിക്കുന്നു.

ദേശീയ-രാജ്യാന്തര ശാസ്ത്ര മാസികകൾ ഇരുപതിലേറെ ഗവേഷണ പ്രബന്ധ-ങ്ങൾ ഇവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തെക്കു കിഴക്കൻ ഏഷ്യയിലെ മൂന്നാമത്തെ ചിലന്തി ഗവേഷണ വെബ്സൈറ്റാണ് www.southindianspiders.com.

ദക്ഷിണ ഭാരതത്തിൽ സാധാരണയായി കാണപ്പെടുന്ന അൻപതോ-ളം ചിലന്തികളുടെ ചിത്രങ്ങളും അവയുടെ സ്വഭാവ സവിശേഷതകളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ചിലന്തികളെക്കുറിച്ച് സാധാരണക്കാർക്കുള്ള സംശയങ്ങൾ ദൂരീകരിക്കുവാൻ പ്രത്യേക വിഭാഗം സൈറ്റിലുണ്ട്. ലോകത്തിലെ മറ്റു പ്രധാന ചിലന്തി ഗവേഷണ സൈറ്റുകളിലേക്കും ഇതിൽ നിന്നും പോകാൻ സാധിക്കും.

കേരളത്തിൽ നിന്നു മാത്രമായി ഇതുവരെ 400 ൽ പരം ചിലന്തികളെ കണ്ടെത്തിയിട്ടുള്ള തേവരയിലെ ഗവേഷകർ മുപ്പതോളം പുതിയ ചിലന്തികളെ ശാസ്ത്രലോകത്തിനു പരിചയപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം ആദ്യം മൂന്നാറിനടുത്തുള്ള മന്നവൻചോല കാടുകളിൽ നടത്തിയ പര്യവേഷണ-ത്തിൽ ഇതിനു മുൻപ് ഹിമാലയ താഴ്വരകളിൽ നിന്നു മാത്രം കണ്ടുപിടിച്ചിട്ടുള്ള ഒരിനം ചിലന്തിയെ കണ്ടെത്തിയിരുന്നു. ഏതാനും മാസങ്ങൾക്കു മുൻപ് വാഗമൺ പുൽമേടുകളിൽ നടത്തിയ പഠനത്തിൽ ഇന്ത്യയിൽ ഇതുവരെ കണ്ടെത്തിയിട്ടില്ലാത്ത അപൂർവ ചിലന്തികളെയും കണ്ടെത്തി.

പശ്ചിമ ഘട്ടങ്ങളിൽ മാത്രം കാണപ്പെടുന്ന കടുവാ ചിലന്തികളെക്കുറിച്ചുള്ള വിശദമായ പഠനത്തിനു വേണ്ടിയുള്ള ഒരു പദ്ധതി ഇവർ യു.ജി.സിക്കു സമർപ്പിച്ചിട്ടുണ്ട്. കേരളത്തിൽ നിന്ന് ഇതുവരെ നാലിനം കടുവാ ചിലന്തികളെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ പലതിനെയും വിദേശീയർ ഇവിടെ നിന്നും കടത്തിക്കൊണ്ടു പോകുന്നതായി ഗവേഷകർ പരാതിപ്പെടുന്നു. അന്താരാഷ്ട്ര കമ്പോളത്തിൽ ലക്ഷക്കണക്കിന് ഡോളർ വിലയുള്ള ഈ ചിലന്തികളെ പാശ്ചാത്യർ കുട്ടികൾക്കു വളർത്താനാണ് കൊണ്ടുപോകുന്നത്. കള്ളക്കടത്തു തടഞ്ഞില്ലെങ്കിൽ അതു നമ്മുടെ ജൈവ സമ്പത്തിനെ ബാധിക്കുമെന്ന് ഇവർ പറയുന്നു.